# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1004** **07/2/2013**-ൽ മറുപടിക്ക്

### മൃഗശാലകളുടെ നവീകരണം

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. ആർ. സെൽവരാജ്
ശ്രീ. ഹൈബി ഈഡൻ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം മൃഗശാലയിൽ അടുത്ത 15 വർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ളാൻ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ളാൻ പ്രകാരം മൃഗശാലയിലെ മൃഗങ്ങളുടെ ആവാസസ്ഥലങ്ങൾ പുതുക്കി പണിയുകയും, പുതുതായി നിർമ്മിക്കുകയും ചെയ്യുന്നതാണ്. മൃഗശാലയിലേക്ക് ജിറാഫ്, സീബ്ര എന്നിവയെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) & (സി) | സന്ദർശകർക്ക് അനായാസം മൃഗശാല ചുറ്റി കാണുന്നതിന് ബാറ്ററിയിൽ ഓടുന്ന വാഹനം വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സന്ദർശകർക്ക് ഭക്ഷണം കഴിക്കുന്നതിനായി ഗാർഡൻ പരിസരത്ത് ഒരു ഇടത്താവളം നിർമ്മിക്കുന്നതിന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>മൃഗശാല സന്ദർശകർക്ക് ഫിൽട്ടർ സംവിധാനത്തോടുകൂടി ശുദ്ധമായ ജലം ലഭിക്കത്തക്ക വിധത്തിൽ വാട്ടർ കൂളറുകൾ സ്ഥാപിച്ചിട്ടുണ്ട്. നടക്കാൻ ബുദ്ധിമുട്ടുള്ള വ്യത്യസ്ത കഴിവുകളുള്ളവർക്കും രോഗികൾക്കും മൃഗശാലയിൽ വീൽ |
| (സി) | സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | | |

| | | | |
|---|---|---|---|
| | | | ചെയറുകൾ കൊണ്ട് പോകാനായി പ്രത്യേകം പാതകൾ നിർമ്മിക്കുയും വീൽ ചെയറുകൾ ഏർപ്പെടുത്തുകയും ചെയ്തു. സന്ദർശകർക്ക് വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുകയും പലയിടത്തും ഗാർഡൻ ബെഞ്ചുകൾ ക്രമീകരിക്കുന്നതിന് പുറമേ കടപുഴകി വീണ വൃക്ഷത്തടികൾ ഉപയോഗിച്ച് പക്ഷിമൃഗാദികളുടെ രൂപം കൊത്തിയ മനോഹരങ്ങളായ ഇരിപ്പിടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ക്ളോക്ക് റൂം, ഇൻഫർമേഷൻ കൗണ്ടർ എന്നിവ പ്രവർത്തിച്ചു വരുന്നു. സന്ദർശകർക്കായി ഇലക്ട്രോണിക് ടോയ് ലറ്റുകൾ (ഇ-ടോയ് ലറ്റ്) ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സന്ദർശകർക്ക് വേഗത്തിൽ ടിക്കറ്റ് ലഭ്യമാകുന്നതിന് ഓട്ടോമാറ്റിക് കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സന്ദർശകർക്ക് വേഗത്തിൽ ടിക്കറ്റ് ലഭ്യമാക്കുന്നതിനായി 4 ഓട്ടോമാറ്റിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയിട്ടുണ്ട്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ